പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3881 | 15.05.2017 ലെ മറുപടി

## അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ മന്ത്രി) |
|---|---|---|
| എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14.01.2016 ൽ അരുവിക്കരയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ പുരോഗതി ഏതു വരെയായി; വിശദമാക്കുമോ? | എ) പ്ലാന്റ് കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും പണികൾ 90% പൂർത്തീയായിട്ടുണ്ട്. തറയിടൽ, പെയിന്റിംഗ്, ജനൽ വാതിലുകൾ ഉറപ്പിക്കൽ, പ്ലാന്റിനുള്ളിലെ റോഡു നിർമ്മാണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു. ഇലക്ട്രിക്കൽ പണികളുടെ 75% പൂർത്തീകരിച്ചിട്ടുണ്ട്.<br>പ്ലാന്റിൽ സ്ഥാപിക്കുവാനുള്ള യന്ത്ര സാമഗ്രികളുടെ രൂപകൽപ്പനയും, അവ പ്ലാന്റിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും ഏകദേശം മൂന്നു മാസം സമയദൈർഘ്യം ബന്ധപ്പെട്ട കരാർ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി പ്രകാരം കുപ്പിവെള്ളം എന്ന് മുതൽ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ബി) കാലവിളംബം കൂടാതെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ യഥാസമയം ലഭ്യമായാൽ ജൂലൈ അവസാന വാരത്തോടുകൂടി പ്ലാന്റ് പ്രവർത്തിപ്പിച്ച് കുപ്പിവെള്ളം വിപണിയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ